# ഹോംഷോപ്പിലെ കൊല്ലത്തിന്റെ വ്യത്യസ്ത മോഡൽ

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമാണ് കുടുംബശ്രീ. ഇതോടൊപ്പം സ്ത്രീകളുടെ  സാമ്പത്തിക ശാക്തീകരണവും സാമൂഹ്യ ശാക്തീകരണവും കുടുംബശ്രീയുടെ ലക്ഷ്യങ്ങളാണ്. ഇതിൽ സാമ്പത്തിക ശാക്തീകരണത്തിന് കുടുംബശ്രീ പ്രധാനമായും ആശ്രയിക്കുന്നത് സൂക്ഷ്മ സംരംഭങ്ങളെയാണ്.

നിലവിൽ കേരളത്തിലാകെ 22,000ത്തോളം സൂക്ഷ്മ സംരംഭങ്ങളാണ് കുടുംബശ്രീയ്ക്ക് കീഴിലുള്ളത്. ഉത്പാദന, സേവന, വ്യവസായ മേഖലകളിലാണ് ഈ സംരംഭങ്ങൾ പ്രവർത്തിക്കുന്നത്. കുടുംബശ്രീയിൽ അംഗങ്ങളായ എല്ലാവരെയും സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിൽ തുടങ്ങി സാമ്പത്തിക സഹായവും നൈപുണ്യ പരിശീലനവും മാർക്കറ്റിങ്ങിനുള്ള പിന്തുണയുമടക്കം എല്ലാവിധ സഹായങ്ങളും കുടുംബശ്രീ ചെയ്ത് നൽകുന്നു.

ഉത്പാദന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം ഉത്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിലാണ്. മാസ, ആഴ്ച, നാട്ടുചന്തകൾ വഴിയും കേരളത്തിനുള്ളിലും പുറത്തും നടക്കുന്ന വിവിധ വിപണനമേളകൾ വഴിയും വിവിധ ഫുഡ് ഫെസ്റ്റിവലുകൾ, ഹോം ഷോപ്പ്, കുടുംബശ്രീ ബസാർ ഇ-കൊമേഴ്സ് പോർട്ടൽ, പ്രമുഖ ഓൺലൈൻ മാർക്കറ്റിങ് വെബ്സൈറ്റായ ആമസോൺ എന്നിവ വഴിയും ഈ ഉത്പന്നങ്ങൾക്ക് കുടുംബശ്രീ വിപണി കണ്ടെത്തുന്നു. ഇത് കൂടാതെ വിവിധ സൂപ്പർമാർക്കറ്റുകളിലും മറ്റ് സ്ഥലം ലഭ്യമാകുന്ന ഇടങ്ങളിലുമുള്ള നാനോ മാർക്കറ്റുകൾ, കുടുംബശ്രീ ഉത്പന്നങ്ങൾ എല്ലാം ലഭ്യമാകുന്ന കുടുംബശ്രീ ബസാർ സൂപ്പർമാർക്കറ്റുകൾ വഴിയും ഇങ്ങനെയുള്ള വിപണനം സാധ്യമാക്കുന്നു.

**ഹോം ഷോപ്പുകൾ**

കോഴിക്കോട് ജില്ലയിൽ തുടക്കമിട്ട ഒരു മാർക്കറ്റിങ് രീതിയാണ് ഹോം ഷോപ്പുകൾ. കുടുംബശ്രീ അംഗങ്ങളായ വനിതകൾ മുഖേന വീടുകളിലേക്ക് ഉത്പന്നങ്ങൾ നേരിട്ടെത്തിക്കുന്ന രീതിയാണ് ഹോം ഷോപ്പുകൾ വഴി പിന്തുടരുന്നത്. ജില്ലയിലുള്ള കുടുംബശ്രീ സംരംഭകരുടെ ഉത്പന്നങ്ങൾ വാങ്ങി വെയർഹൗസിൽ സ്റ്റോക്ക് ചെയ്യുന്നു.

പിന്നീട് ഈ ഉത്പന്നങ്ങൾ ഹോംഷോപ്പ് ഓണർമാർ എന്നറിയപ്പെടുന്ന കുടുംബശ്രീ അംഗങ്ങൾ വീടുകളിൽ നേരിട്ട് പോയി വിപണനം നടത്തുന്നു. ഒരു മാനേജ്മെന്റ് ടീമും ഹോം ഷോപ്പ് പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ അതാത് ജില്ലകളിലുമുണ്ട്. കോഴിക്കോട് ജില്ലയിൽ 811 ഹോംഷോപ്പ് ഓണർമാരാണുള്ളത്. 50 ലക്ഷം രൂപ മുതൽ 75 ലക്ഷം രൂപ വരെയാണ് ഹോംഷോപ്പിലൂടെ കോഴിക്കോട് ജില്ലയിൽ പ്രതിമാസം വിറ്റുവരവ് നടക്കുന്നത്. കണ്ണൂർ ജില്ലയിൽ 300ലേറെ ഹോംഷോപ്പ് ഓണർമാരുണ്ട്. ഇവിടെ വിറ്റുവരവ് മാസംതോറും 30 ലക്ഷം രൂപയും. വയനാട് ജില്ലയിലും ഹോംഷോപ്പുക ളുണ്ട്. രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തൊട്ടാകെ ഹോംഷോപ്പുകളുടെ പ്രവർത്തനം ആരംഭിക്കുകയെന്നതാണ് ലക്ഷ്യം.

**കൊല്ലത്തെ ഹോംഷോപ്പിന്റെ വേറിട്ട മോഡൽ**

കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പാക്കുന്ന സ്റ്റാർട്ടഅപ്പ് വില്ലെജ് എന്റപ്രണർഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്കിലാണ് ജില്ലയിൽ ആദ്യമായി ഹോംഷോപ്പ് പ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നത്. മൊബൈൽ മാർക്കറ്റി ങ്ങും സംയോജിപ്പിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നതെന്നതാണ് മറ്റൊരു പ്രത്യേകത.

**സ്റ്റാർട്ടപ്പ് വില്ലേജ് എന്റപ്രണർഷിപ്പ് പ്രോഗ്രാം**

ഗ്രാമീണ മേഖലയിൽ സംരംഭ വികസനത്തിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം. ഒരു കോടി സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 2 കോടി ജനങ്ങൾക്ക് വരുമാനം നേടിക്കൊടുക്കുകയുമാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഓരോ ജില്ലയിലെയും ബ്ലോക്കുകൾ അടിസ്ഥാന മാക്കിയാണ് പദ്ധതി നടപ്പാക്കുന്നത്. ബ്ലോക്ക് വിഭവകേന്ദ്രമാണ് അതാത് ബ്ലോക്കിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

2016ലാണ് ആദ്യമായി കേരളത്തിൽ എസ് വിഇപി പ്രവർത്തനങ്ങൾ നടത്തിത്തുടങ്ങു ന്നത്. പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്കിലും എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്കിലുമാണ് പരീക്ഷണാടിസ്ഥാനത്തിൽ ഈ പദ്ധതി ആദ്യം ആരംഭിച്ചത്. ഏഴ് ഗ്രാമപഞ്ചായത്തുകളാണ് പറക്കോട് ബ്ലോക്കിലുള്ളത്. വടവുകോട് ബ്ലോക്കിൽ ആറ് ഗ്രാമപഞ്ചായത്തുകളും. 2017 ഫെബ്രുവരി മുതൽ 2021 ഫെബ്രുവരി വരെയുള്ള കാലഘട്ടത്തിനിടയിൽ ഈ രണ്ട് ബ്ലോക്കുകളിലും പദ്ധതി പ്രവർത്തനങ്ങൾ

നടത്താനുള്ള അനുമതിയാണ് കേന്ദ്രം കുടുംബശ്രീയ്ക്ക് നൽകിയത്. നാല് വർഷം കൊണ്ട് ഈ രണ്ട് ബ്ലോക്കുകളിലുമായി 4218 സംരംഭങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടത്.

പിന്നീട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത ഓരോ ബ്ലോക്കുകളിൽ വീതം കൂടി സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കാനുള്ള അനുമതി ലഭിച്ചു. ഓരോ പ്രദേശത്തെയും ലഭ്യമായ വിഭവങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കി അതിനനുയോജ്യമായ ചെറുകിട സംരംഭങ്ങൾ രൂപീകരിക്കുകയും അതിലൂടെ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് പ്രാദേശികമായി തന്നെ വിറ്റഴിക്കുകയും വരുമാനം നേടാൻ സഹായിക്കുകയുമാണ് ഈ പദ്ധതി വഴി ജില്ലകളിൽ ചെയ്ത് വരുന്നത്. സംരംഭം തുടങ്ങാൻ താത്പര്യമുള്ളവരെ കണ്ടെത്തി അവർക്കാവശ്യമായി സംരംഭകത്വ വികസന പരിശീലനവും ബാങ്ക് വായ്പയും ലഭ്യമാക്കിക്കൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. സംരംഭങ്ങൾ നിലനിർത്തുന്നതിനും പ്രവർത്തനപുരോഗതി കൈവരിക്കുന്നതിനും കുടുംബശ്രീയുടെ നേതൃത്വത്തിൽ ആവശ്യമായ എല്ലാ പിന്തുണയും നൽകുന്നു.

**കൊല്ലം ജില്ലയിലെ ഹോംഷോപ്പ്**

എസ്‌വിഇപി പദ്ധതി നടപ്പാക്കുന്ന പത്തനാപുരം ബ്ലോക്കിലാണ് ഹോംഷോപ്പ് പദ്ധതി സംരംഭ മാതൃകയിൽ ആരംഭിക്കുന്നത്. മാർച്ച് മാസത്തിൽ ഉദ്ഘാടനം നടത്താനാണ് ജില്ലാ മിഷൻ തീരുമാനിച്ചിരിക്കുന്നത്. 2017ൽ തന്നെ ആറ് പഞ്ചായത്തുകളുള്ള ഈ ബ്ലോക്കിൽ എസ്‌വിഇപി പദ്ധതി നടപ്പിലാക്കാൻ അനുമതി ലഭിക്കുകയും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ പരിശീലനം നൽകിയ ശേഷം 2018 ഓടെ തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. കുടുംബശ്രീ അംഗങ്ങളായ 13 സ്ത്രീകളും കുടുംബശ്രീ അംഗങ്ങളുടെ കുടുംബത്തിൽ നിന്നുള്ള 3 യുവാക്കളും ഉൾപ്പെടെ 16 എംഇസിമാരാണ് പത്തനാപുരത്ത് എസ് വിഇപി പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതുവരെ 658 സംരംഭങ്ങൾ ഇവരുടെ നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞു. ബാൻഡ്മേളം, ഡാൻസ് സ്കൂൾ, പലചരക്ക് കടകൾ എന്നിങ്ങനെ വൈവിധ്യമാർന്ന സംരംഭങ്ങൾ എല്ലാം തന്നെ ഇതിലുൾപ്പെടുന്നു.

## ആശയരൂപീകരണം

എസവിഇപി പ്രവർത്തനങ്ങൾ നടത്തുന്ന എംഇസിമാർ ഉൾപ്പെടുന്ന യൂണിറ്റിന്റെ ചുമതലയിൽ ഹോം ഷോപ്പ് പദ്ധതി നടപ്പിലാക്കാമെന്നും ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം പദ്ധതിയുടെ ഭാഗമായി അനുവദിക്കപ്പെട്ട കോമൺ ഫെസിലിറ്റി സെന്റർ സൗകര്യം ഇതിനായി ഉപയോഗപ്പെടുത്താമെന്നുമുള്ള ചിന്തയിൽനിന്നാണ് ഇങ്ങനെ വ്യത്യസ്തമായ രീതിയിൽ ഹോംഷോപ്പ് പദ്ധതി പ്രാവർത്തികമാക്കാമെന്ന ആശയം ജില്ലാമിഷൻ രൂപീകരിച്ചത്. ഇത് കൂടാതെ പത്തനാപുരം എംഎൽഎയായ എം.ബി. ഗണേഷ് കുമാർ മുന്നോട്ട് വച്ച മറ്റൊരു ആശയം കൂടി ഇതിനോടൊപ്പം ചേർത്തു.

## പ്രാരംഭ പ്രവർത്തനങ്ങൾ

**മൊബൈൽ മാർക്കറ്റ്:** 20 ലക്ഷം രൂപയുടെ പ്രത്യേക അനുമതിയാണ് ലഭിച്ചത്. ബ്ലോക്ക് ഡെവലപ്പമെന്റ് ഓഫീസറുടെ പേരിൽ ഗവൺമെന്റ് ഇ പോർട്ടലായ ജെം വഴി വണ്ടി ബുക്ക് ചെയ്ത് എടുക്കുകയും അത് മൊബൈൽ മാർക്കറ്റിന് പറ്റുന്ന രീതിയിൽ സൗകര്യങ്ങൾ ചേർത്ത് കുടുംബശ്രീയ്ക്ക് കൈമാറുകയും ചെയ്യണമെന്നും തീരുമാനിച്ചു. സേവികയ്ക്ക് വേണ്ടി ബിഡിഒയുമായി കുടുംബശ്രീ കരാറിലേർപ്പെടുന്നു. 20 ലക്ഷം രൂപയാണ് എംഎൽഎ ഫണ്ടിൽ നിന്നും വണ്ടിയ്ക്കായി അനുവദിച്ചത്.

മൊബൈൽ മാർക്കറ്റ് ആശയ രൂപീകരണം- പത്തനാപുരം ബ്ലോക്കിലെ വിളക്കുടി പഞ്ചായത്തിലെ ഒരു വാർഡിൽ എഡിഎസിന്റെ നേതൃത്വത്തിൽ 2012 മുതൽ സ്ഥിരമായി മാസച്ചന്ത നടത്തി വന്നിരുന്നു. പായസം മുതൽ കുടുംബശ്രീ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന എല്ലാവിധ ഉത്പന്നങ്ങളും ഈ മാസച്ചന്തയിൽ ലഭ്യമാക്കിയിരുന്നു. രാവിലെ മുതൽ ഉച്ചവരെ നടക്കുന്ന ഈ മാസച്ചന്തയിൽ നാടൻ വിഭവങ്ങൾ മുതൽ എല്ലാം ലഭ്യമായിരുന്നു. ഒരു ദിവസം കൊണ്ട് 20,000 രൂപ വിറ്റുവരവ് ലഭിച്ചിരുന്നു. 2019ൽ യാദൃശ്ചികമായി ഈ മാസച്ചന്ത കാണാനിടയായ എംഎൽഎ പിന്നീട് കുടുംബശ്രീ ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്താനുള്ള പ്രശ്നമുണ്ടെന്ന് അറിഞ്ഞപ്പോൾ വിപണനത്തിനായി വാഹനം അനുവദിക്കാമെന്ന് ഉറപ്പ് നൽകി. പത്തനാപുരം നിയോജക മണ്ഡലത്തിലാകെ വിപണനം നടത്തുകയെന്ന ലക്ഷ്യമാണുള്ളത്.

ഹോം ഷോപ്പ്, സിഎഫ്സി, മൊബൈൽ മാർക്കറ്റ് ഈ മൂന്ന് ആശയങ്ങളെല്ലാം ചേർത്ത് പ്രൊപ്പോസൽ നൽകുകയും അതിന് പ്രത്യേക അനുമതി ലഭ്യമാകുകയും ചെയ്തു.

സേവിക എന്ന പേരിൽ എംഇസിമാരെ ചേർത്ത് ഹോംഷോപ്പ് ആൻഡ് മൊബൈൽ മാർക്കറ്റ് യൂണിറ്റ് ജില്ലാ മിഷനിൽ രജിസ്റ്റർ ചെയ്തു. ഹംസത്ത് ബീവിയാണ് പ്രസിഡന്റ്, പി.ജി. രമ്യ യൂണിറ്റ് സെക്രട്ടറിയും. യൂണിറ്റ് അംഗങ്ങൾ വയനാട് ജില്ലയിലും കണ്ണൂർ ജില്ലയിലുമായി ഹോംഷോപ്പിനെക്കുറിച്ച് പഠിക്കാൻ സന്ദർശനം നടത്തുകയും പരിശീലനത്തിൽ പങ്കെടുക്കുകയും ചെയ്തു.

**പ്രവർത്തനങ്ങൾ**

പത്തനാപുരം ബ്ലോക്ക് വിഭവകേന്ദ്രത്തിനോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് ഒരു മുറി നൽകി. ഇവിടം കേന്ദ്രമാക്കി സേവികയുടെ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. ബ്ലോക്കിലെ ആറ് പഞ്ചായത്തിൽ നിന്നായി 120 പേരെ ഹോംഷോപ്പേഴ്സ് എന്ന പേരിൽ തെരഞ്ഞെടുത്തു. ഒരു വാർഡിൽ നിന്ന് രണ്ട് പേർ എന്ന രീതിയിലായിരുന്നു തെരഞ്ഞെടുപ്പ്. ഓരോ വാർഡിൽ നിന്നുമുള്ള കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് ഉത്പന്നങ്ങൾ ശേഖരിച്ച് എത്തിക്കുകയെന്ന ദൗത്യമാണ് ഇവർക്കുള്ളത്. ഹരിതകർമ്മസേനയുടെ അംഗങ്ങളാണ് ഹോംഷോപ്പേഴ്സിൽ 90 ശതമാനം പേരും. ഇവരിൽ ഭൂരിഭാഗത്തിനും ടൂവീലർ ഓടിക്കുന്നവരാണ്. ശേഷിച്ചവർക്ക് ഇതിനുള്ള പരിശീലനവും നൽകുന്നു. ഒരാഴ്ചയിൽ ഒരു നിശ്ചിത ദിവസം ഒരു നിശ്ചിത ഇടത്ത് ഉത്പന്നങ്ങൾ എത്തിച്ച് നൽകുകയാണ് ഹോംഷോപ്പേഴ്സ് ചെയ്യുക. സംരംഭകർക്ക് ഉത്പന്നങ്ങളുടെ 75 ശതമാനം തുകയും നൽകിയാകും ശേഖരണം. ശേഷിച്ച തുക പിന്നാലെ നൽകും. മൊബൈൽ മാർക്കറ്റിനായുള്ള വാഹനത്തിൽ ഇത് ശേഖരിച്ച് സേവിക കേന്ദ്രത്തിലെത്തിക്കും.

ഹോംഷോപ്പേഴ്സ് വഴി ലഭിക്കുന്ന ഉത്പന്നങ്ങൾ സേവിക എന്ന പേരിൽ ഒരേ മാതൃകയിൽ യൂണിറ്റിന്റെ പേര് മാത്രം നൽകി, പാക്ക്ഡ് ബൈ സേവിക എന്നും രേഖപ്പെടുത്തി പാക്ക് ചെയ്ത് മൊബൈൽ മാർക്കറ്റ് വഴി വിപണിയിലേക്കെത്തിക്കുന്നു. സംരംഭകരിൽ നിന്ന് ഉത്പന്നങ്ങൾ വാങ്ങിച്ച നിരക്കിൽ നിന്ന് കുറച്ച് കൂടി കൂട്ടി ഒരു തുകയാകും ഓരോ ഉത്പന്നത്തിന്റെയും എംആർഎപിയായി നിശ്ചയിക്കുക. ഈ വ്യത്യാസമാകും ലാഭമായി ലഭിക്കുക.

ആഴ്ചയിൽ ഏഴ് ദിവസവും മൊബൈൽ മാർക്കറ്റ് വഴി നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലും ഉത്പന്നങ്ങൾ വിൽപ്പനയ്ക്കായെത്തിക്കും. ഓരോ ദിവസവും മുൻ

നിശ്ചയിച്ച പ്രകാരം ഓരോ ഇടത്താകും മൊബൈൽ മാർക്കറ്റ് വാഹനം എത്തുക. വാഹനത്തിൽ ഡ്രൈവർ, വിൽപ്പനയ്ക്കായി ഒരാൾ എന്നിങ്ങനെ രണ്ട് പേരാകും ജോലിക്കായി ഉണ്ടാകുക. ഇവർക്ക് ശമ്പളവും നൽകും. വിൽപ്പനയ്ക്ക് ശേഷം സേവിക കേന്ദ്രത്തിന് സമീപം ബ്ലോക്കിൽ തന്നെ വാഹനം എത്തിച്ച് പാർക്ക് ചെയ്യും.

കുടുംബശ്രീ സംരംഭകർ ഉത്പാദിപ്പിക്കാത്ത അരി, പയർ വർഗ്ഗങ്ങൾ എന്നിവയെല്ലാം മൊത്തമായി വാങ്ങി അത് പാക്ക് ചെയ്ത് അങ്ങനെ പച്ചക്കറി, പാൽ ഉൾപ്പെടെ എല്ലാവിധ സാധനങ്ങളും മൊബൈൽ മാർക്കറ്റിലൂടെ ലഭ്യമാക്കും. പട്ടണങ്ങൾ കേന്ദ്രീകരിച്ചാകും വിൽപ്പന നടത്തുക. ഭക്ഷ്യവിഭവങ്ങൾ, കാർഷിക വിഭവങ്ങൾ, മറ്റ് ഉത്പന്നങ്ങൾ എന്നിങ്ങനെ മൂന്ന് കാറ്റഗറിയിലുള്ള ഉത്പന്നങ്ങളാകും മൊബൈൽ മാർക്കറ്റ് വഴി ലഭിക്കുക.

രാവിലെ ഏഴ് മുതൽ വൈകുന്നേരം ഏഴ് വരെയാണ് മൊബൈൽ മാർക്കറ്റ് വഴിയുള്ള വിപണനം.

സൂക്ഷ്മ സംരംഭം, കാർഷിക വിഭാഗം, മൃഗസംരക്ഷണ വിഭാഗം, മാർക്കറ്റിങ് എന്നിങ്ങനെ കുടുംബശ്രീയുടെ എല്ലാ പ്രോഗ്രാമുകളുടെയും സംയോജനം ഇതുവഴി സാധ്യമാകുന്നു.

സിഎഫ്സിക്കായി 50 ലക്ഷം രൂപയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഈ പണം ലഭിച്ച് കഴിയുമ്പോൾ ബ്രാൻഡിങ്ങിനും പാക്കിങ്ങിനും ഉൾപ്പെടെയുള്ള ഉപകരണങ്ങളും മറ്റും സജ്ജീകരിക്കും.

സേവികയുടെ പേരിൽ ബാങ്ക് അക്കൗണ്ടുണ്ട്. ബാങ്ക് അക്കൗണ്ട് വഴിയാകും ഹോംഷോപ്പേഴ്സിനുള്ള തുകയും സംരംഭകർക്കുള്ള പ്രതിഫലവും മറ്റ് എല്ലാ ചെലവുകളും നടത്തുക.

ശമ്പളം, ഇന്ധനച്ചെലവ്, അറ്റകുറ്റപ്പണികൾ, ഇൻഷ്വറൻസ്, പാക്കിങ്- ലേബലിങ്, മറ്റ് ചെലവുകൾ എന്നിങ്ങനെയാണ് ചെലവുകൾ വകയിരുത്തിയിരിക്കുന്നത്.

എംഎൽഎ, പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്, പത്തനാപുരം, പട്ടാഴി, പട്ടാഴി നോർത്ത്, തലവൂർ, വിളക്കുടി, വെട്ടിക്കവല, പിറവന്തൂർ, മേലില സിഡിഎസുകൾ, കുടുംബശ്രീ ജില്ലാ മിഷൻ, സേവിക യൂണിറ്റ് എിവരൊം ചേർന്ന സംയോജന പ്രവർത്തനത്തിന്റെ ഫലമാണ് ഈ പ്രോജക്ട്.

**നേട്ടങ്ങൾ**

വ്യാപകമായ തോതിൽ വിപണികൾ

പഞ്ചായത്തുകളുമായുള്ള ഫലപ്രദമായ സംയോജനം

ഉത്പന്നങ്ങളുടെ മേ വർദ്ധിപ്പിക്കാനും ബ്രാൻഡിങ്ങിനും ഏകീകരണത്തിനും തുണയാകുന്നു

ഗുണഭോക്താക്കൾക്ക് വരുമാനം ഉറപ്പാക്കുന്നു

എാ വീടുകളിലും കുടുംബശ്രീ ഉത്പന്നങ്ങൾ എത്തിക്കാൻ കഴിയുന്നു.

**ഭാവി**

സംരംഭകർക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ മൊത്തമായി വാങ്ങി സിഎഫ്സി വഴി വിതരണം ചെയ്യാനും ഇതുവഴി ഉത്പന്നങ്ങളുടെ ഏക സ്വഭാവം ഉറപ്പുവരുത്താനും ശ്രമിക്കും.

സേവിക ബ്രാൻഡിൽ ഉത്പന്നങ്ങൾ വിൽപ്പനയ്ക്കെത്തിക്കണമെന്ന ലക്ഷ്യമാണുള്ളത്.